പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

## പോലീസിലെ ക്രിമിനലിസം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 624 29/07/2015-ൽ മറുപടിക്ക്

ചോദ്യം
ശ്രീ.ഇ.ചന്ദ്രശേഖരൻ
ശ്രീ.മുല്ലക്കര രത്നാകരൻ
ശ്രീ.വി.ശശി

മറുപടി
രമേശ് ചെന്നിത്തല
(ആഭ്യന്തരവുംവിജിലൻസുംവകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കേരള പോലീസിൽ വർദ്ധിച്ചുവരുന്ന ക്രിമിനലിസം തടയാൻ നടപടി-യെടുക്കണമെന്ന് ഡിവിഷൻ ബെഞ്ചിന്റെ വിധിയുണ്ടായിട്ടുണ്ടോ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) ഉണ്ട്. പോലീസ് സേനയിൽ ഉൾപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ അവർക്കെതിരേ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹു.കേരള ഹൈക്കോടതിയുടെ 20.03.2012 -ലെ വിധിയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾക്കെതിരെയുള്ള കോടതി വിധിയും ബന്ധപ്പെട്ട രേഖകളും എ.ഡി.ജി.പി (ഇന്റലിജൻസ്) സൂക്ഷ്മമായി പരിശോധിച്ച് അഭിപ്രായം ലഭ്യമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ അവർ പോലീസ് സേനയിൽ അംഗമാകാൻ/തുടരാൻ യോഗ്യരാണോ എന്ന കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. കോടതി കുറ്റവിമുക്തരാക്കുന്ന ഉദ്യോഗസ്ഥരുടെ കേസുകളിൽ പോലും അവർ സർവ്വീസിൽ തുടരാൻ യോഗ്യരാണോ എന്ന കാര്യം പരിശോധിക്കുന്നുണ്ട്. പോലീസുദ്യോഗസ്ഥൻമാർ കുറ്റകൃത്യങ്ങളിൽ പങ്കാളികളാണെന്നോ കുറ്റകൃത്യം ചെയ്തുവെന്നോ പരാതി ഉണ്ടായാൽ തന്നെ ആയത് വളരെ ഗൗരവമേറിയ സംഗതിയായി പരിഗണിച്ചുകൊണ്ട് സസ്പെൻഷൻ, സ്ഥലംമാറ്റം, വകുപ്പ് അച്ചടക്ക നടപടി |

| | | |
|---|---|---|
| | | മുതലായ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിലുള്ള നടപടികൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിയുടെ നേതൃത്വത്തിൽ എ.ഡി.ജി.പി. മാർ അടങ്ങുന്ന ഒരു അവലോകന കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റി കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള പോലീസുദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് വിധേയരാക്കിയിട്ടുണ്ട്. |
| (ബി) | കേരള പോലീസിൽ ക്രിമിനൽ പശ്ചാത്തലമുള്ള പോലീസുകാരുണ്ടോ; വെളിപ്പെടുത്തുമോ; | ബി) കേരള പോലീസിൽ ചില പോലീസുദ്യോഗ-സ്ഥർക്കെതിരെ ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇവർ കുറ്റക്കാരാണോ എന്ന് അറിവാകുകയുള്ളൂ. |
| (സി) | പോലീസിലെ ക്രിമിനലിസം നിരീക്ഷിച്ച് നടപടിയെടുക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (സി) പോലീസ് സേനയിലെ ഏതെങ്കിലും പോലീസുദ്യോഗസ്ഥൻ കുറ്റകരമായി പ്രവർത്തിക്കുന്ന പക്ഷം അക്കാര്യം വിശദമായി പരിശോധിക്കുകയും അവർക്കെതിരേ വകുപ്പുതല/ക്രിമിനൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പോലീസുദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് വിഭാഗവും നിരീക്ഷിക്കുന്നുണ്ട്. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ പ്രതികളാകുന്ന സംഭവങ്ങൾ നിയന്ത്രിക്കുന്നതിനും പോലീസ് സേനയെ കുറ്റവിമുക്തമാക്കുന്നതിനായും ഫലപ്രദമായ നടപടികൾ ഉണ്ട്. വ്യക്തിപരമായ കാരണങ്ങളാലോ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതിനാലോ പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്നത് ഗൗരവമായി കണ്ടുകൊണ്ട് അത്തരം പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന |

| | | |
|---|---|---|
| | | നടപടികൾ സ്വീകരിക്കുന്നതിനും മേലിൽ അത്തരം സംഭവങ്ങൾ പോലീസ് സേനയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതിനുമായി സർക്കാരും സംസ്ഥാന പോലീസ് മേധാവിയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർ പ്രതികളായിട്ടുള്ള ക്രിമിനൽ കേസുകളുടെ വസ്തുതകൾ പരിശോധിച്ച് കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിനും, ഗുരുതരമായ കുറ്റകൃത്യം നടത്തുന്നവരെ കേരള പോലീസ് ആക്ടിലെ വകുപ്പ് 85 പ്രകാരം സേനയിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ക്രിമിനൽ കേസിൽ ഉൾപ്പെടുന്ന പോലീസുദ്യോഗസ്ഥരെ സംബന്ധിക്കുന്ന വിശദാംശങ്ങൾ എ.ഡി.ജി.പി-മാരടങ്ങുന്ന കമ്മറ്റി പരിശോധിച്ച് ഉചിതമായ നടപടികൾ ശിപാർശ ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**